മലയാള മനോരമ
ESTABLISHED 1888
29 June 2018

# 15 കോടിയുടെ 500 കൂടുമൽസ്യപദ്ധതി

കൊച്ചി • സംസ്ഥാനത്തെ അഭ്യന്തര മൽസ്യോൽപാദനം വർധിപ്പിക്കാൻ പദ്ധതിയുമായി കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). മൽസ്യകർഷകരുടെ പങ്കാളിത്തത്തിൽ സംസ്ഥാനത്ത് 500 കൂടു മൽസ്യകൃഷി യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള അവസരം ഒരുക്കുകയാണ് സിഎംഎഫ്ആർഐ. കൃഷി ആരംഭിക്കാൻ സാങ്കേതിക സഹായവും സബ്സിഡിയും നൽകും.

കേന്ദ്ര കാർഷിക മന്ത്രാലയ ഏജൻസിയായ നാഷനൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ (എൻഎഫ്ഡിബി) സാമ്പത്തിക സഹായത്തോടെയാണു 15 കോടി രൂപയുടെ പദ്ധതി. ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന മൽസ്യങ്ങളുടെ ഗുണനിലവാരം ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിലാണു കേരളത്തിലെ ആഭ്യന്തര മൽസ്യോൽപാദനം കൂടുകൃഷിയിലൂടെ വർധിപ്പിക്കാൻ സിഎംഎഫ്ആർഐ ലക്ഷ്യമിടുന്നത്. ഒറ്റയ്ക്കും സംഘമായുമുള്ള കൂടുകൃഷിയുടെ മുതൽമുടക്കിന്റെ 40 ശതമാനമാണ് സബ്സിഡി നൽകുക. സ്ത്രീകൾക്കും എസ്എസി, എസ്ടി വിഭാഗക്കാർക്കും 60 ശതമാനം സബ്സിഡി നൽകും.

തീരദേശ ജില്ലകളിലാണു കൂടുമൽസ്യ കൃഷി നടപ്പിലാക്കുന്നത്. നാല് മീറ്റർ വീതിയും നീളവും മൂന്നു മീറ്റർ ആഴവുമുള്ള കൂടുകളിലാണു കൃഷി. കാളാഞ്ചി, കരിമീൻ, മോത, വറ്റ, ചെമ്പല്ലി തുടങ്ങിയ മൽസ്യങ്ങളാണു കൃഷി ചെയ്യുക.

കൂടുമൽസ്യ കൃഷി തുടങ്ങുന്നതിന് ഇപ്പോൾ അപേക്ഷ നൽകാം. വേലിയിറക്ക സമയത്തു മൂന്നു മീറ്ററെങ്കിലും താഴ്ചയുള്ള ജലാശയങ്ങളിൽ കൃഷിയിറക്കാൻ സാധിക്കുന്നവരാണ് അപേക്ഷ നൽകേണ്ടത്. സിഎംഎഫ്ആർഐയുടെ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷി രീതിയാണ് അവലംബിക്കേണ്ടത്. കൃഷി ചെയ്യാൻ പോകുന്ന ജലാശയവും പരിസരവും സിഎംഎഫ്ആർഐയിലെ വിദഗ്ധർ പരിശോധിച്ച് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടാൽ മാത്രമാണ് അപേക്ഷകൾ പരിഗണിക്കുക.

കൂടുമൽസ്യ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്തു മൂന്നിടങ്ങളിൽ അക്വാ വൺ ലാബുകളും തുടങ്ങും. ജലഗുണനിലവാര പരിശോധന, രോഗനിർണയം തുടങ്ങിയ സേവനങ്ങളാണ് അക്വാ വൺ ലാബിൽ നിന്ന് കർഷകർക്കു ലഭിക്കുക. ലാബുകൾ തുടങ്ങുന്നതിന് യോഗ്യരായവർക്കു മുതൽ മുടക്കിന്റെ 50 ശതമാനം പദ്ധതിയിൽ നിന്ന് സബ്സിഡിയായി ലഭിക്കും. ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ സിഎംഎഫ്ആർഐ വെബ്സൈറ്റിൽ ലഭ്യമാണ്. (cmfri.org.in). കൂടാതെ ചെറുകിട മൽസ്യത്തീറ്റ ഉൽപാദന കേന്ദ്രം സ്ഥാപിക്കാനും പദ്ധതിയുണ്ട്. കേന്ദ്രം സ്ഥാപിക്കാൻ താൽപര്യമുള്ളവർക്ക് അൻപത് ശതമാനം സബ്സിഡി നൽകും. ഫോൺ: 0484-2394867.